# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4228 — 25/06/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) | ഇ.എസ്.ഐ കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം രജിസ്റ്റേർഡ് ഐ.പികളുടെ എണ്ണം സർവ്വേ നടത്തി ഇ.എസ്.ഐ കോർപ്പറേഷൻ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ സർക്കാരിന്റേയും, ഇ.എസ്.ഐ കോർപ്പറേഷന്റേയും നയപരമായ തീരുമാനത്തിലൂടെയാണ് സാധാരണയായി പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. 2000 ന് മുകളിൽ ഐ.പി ഫാമിലി യൂണിറ്റുകൾ ഉള്ള പ്രദേശങ്ങളിൽ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | വെഞ്ഞാറമൂട് കേന്ദ്രമാക്കി ആരംഭിക്കുമെന്നറിയിച്ചിരുന്ന ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിലവിലെ സ്ഥിതി എന്താണ്;വിശദമാക്കാമോ? | (സി) | വെഞ്ഞാറമൂട് ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും അന്തിമ അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | വെഞ്ഞാറമൂട് |
| 2 | കൊല്ലം | കുളത്തൂപ്പുഴ |
| 3 | പത്തനംതിട്ട | റാന്നി |
| 4 | ഇടുക്കി | കണ്ണൻദേവൻ ഹിൽസ്, മന്നാംകണ്ടം പീരുമേട്, കുമിളി, കട്ടപ്പന |
| 5 | എറണാകുളം | കൂത്താട്ടുകുളം |
| 6 | പാലക്കാട് | ആലത്തൂർ, മണ്ണാർക്കാട്, കൂറ്റനാട് |
| 7 | മലപ്പുറം | കൊണ്ടോട്ടി |
| 8 | കോഴിക്കോട് | മുക്കം, ബാലുശ്ശേരി, താമരശ്ശേരി |
| 9 | വയനാട് | സുൽത്താൻ ബത്തേരി, മാനന്തവാടി |

സെക്ഷൻ ഓഫീസർ